TB Movie Panel Weekly Review

#MoviePanel

# കാക്ക

Written By: Athira Chandini Pillai

മലയാള സിനിമയിലെ whatsapp group കൂട്ടായ്മയായ 'വെള്ളിത്തിര' യുടെ പ്രൊഡക്ഷനിൽ അജു അജീഷ് സംവിധാനം ചെയ്ത ലക്ഷ്മിക സജീവ് പ്രധാന കഥാപാത്രമായി എത്തിയ 30 മിനിറ്റ് നീണ്ടു നിൽക്കുന്ന ഹ്രസ്വ ചിത്രമാണ് കാക്ക.

ഒരാളുടെ ബാഹ്യ രൂപത്തെ മാത്രം അടിസ്ഥാനമാക്കി ഇന്നും സമൂഹത്തിൽ വേട്ടയാടപ്പെടുന്ന മനുഷ്യരുടെ പ്രതിനിധി യാണ് പഞ്ചമി.

പഞ്ചമി എന്ന 25 വയസ്സുകാരിയുടെ ജീവിതത്തിലൂടെ സിനിമ നമുക്ക് കാണിച്ചുതരുന്നത് എന്നോ മാറിക്കഴിഞ്ഞു എന്ന് നമ്മൾ സ്വയം വിശ്വസിക്കുന്ന എന്നാൽ ഇനിയും മാറ്റം വരാത്ത ചില വിഭജനങ്ങളാണ്.

നിറത്തിന്റെയും , ഉയരത്തിന്റെയും , വണ്ണത്തിന്റെയും ഒക്കെ പേരിലുള്ള അവസാനിക്കാത്ത ചില വിഭജനങ്ങൾ.

സ്വന്തം രൂപത്തിന്റെയോ, നിറത്തിന്റെയോ ശാരീരിക വൈകല്യങ്ങളുടെയോ ഒക്കെ പേരിൽ ഒരിക്കലെങ്കിലും Body shaming ന് ഇരയാക്കപ്പെട്ടവരാണെങ്കിൽ നിങ്ങൾക്ക് 30 മിനിറ്റിൽ സിനിമ കണ്ടു തീർക്കാനാകില്ല .

അത് നിങ്ങളെ പിന്തുടരുകയും അലട്ടുകയും ചെയ്യും.

ഒൻപതാം ക്ലാസ്സിലെ മലയാള പാഠപുസ്തകത്തിലെ പി.കേശവദേവ് എഴുതിയ ദീനാമ്മ എന്ന ചെറുകഥയാണ് സിനിമ കണ്ടു തുടങ്ങിയപ്പോൾ മനസിലേക്ക് ആദ്യം ഓടി എത്തിയത്.

എന്നാൽ ദീനാമ്മ വർഷങ്ങൾക്കിപ്പുറം പഞ്ചമിയിൽ എത്തി നിൽക്കുമ്പോഴും സിനിമയുടെ പ്രമേയം കാലഹരണപ്പെട്ടിട്ടില്ല.

പഞ്ചമിയുടെ കഥയ്ക്കൊപ്പം കൊറോണ മൂലം വരുമാനം നഷ്ട്ടപ്പെട്ട സമൂഹത്തിന്റെ അവസ്ഥയും സിനിമ തുറന്നു കാട്ടുന്നുണ്ട്.

തന്റെ മകളെ വിവാഹം കഴിക്കാൻ വരുന്ന ചെക്കന് വീട് പണയം വച്ച് 15 ലക്ഷത്തോളം രൂപ നല്കാൻ തയാറാകുന്ന രക്ഷിതാക്കൾ എന്തുകൊണ്ട് ഒരു ജോലിയിലൂടെ പഞ്ചമിയുടെ ജീവിതം ഭദ്രമാക്കുന്നതിനെക്കുറിച്ചു

ചിന്തിച്ചില്ല എന്ന സംശയം ഇവിടെ ബാക്കി നിൽക്കുന്നു.

ഇക്കാലത്തു ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു ജോലിയിലൂടെ ലഭിക്കുന്ന സാമ്പത്തിക ഭദ്രത എന്ന വിഷയം സിനിമ ചർച്ച ചെയ്യേണ്ടതായിരുന്നു എന്ന് തോന്നി.

പഞ്ചമി എന്ന കഥാപാത്രമായി എത്തുന്ന ലക്ഷ്മിക സജീവൻ, പഞ്ചമിയുടെ അച്ഛനായി അഭിനയിക്കുന്ന സതീഷ് അമ്പാടി എന്നിവരുടെ പ്രകടനം ഏറെ പ്രശംസനീയം തന്നെ.

'നെഞ്ച് തുടിക്കണ്....കണ്ണ് പിടയ്ക്കണ്' എന്ന തുടങ്ങുന്ന ഒരു മനോഹര ഗാനവും ഈ കൊച്ചു സിനിമ നമുക്ക് സമ്മാനിക്കുന്നു.

പഞ്ചമിയുടെ വാക്കുകൾ പോലെ 'നമ്മൾ ഒരാളുടെ മുഖത്തു നോക്കി ആത്മാർത്ഥമായി പുഞ്ചിരിക്കുമ്പോഴാണ് നാം യാഥാർഥത്തിൽ സൗന്ദര്യമുള്ളവരാകുന്നത്.'

കണ്ടുമുട്ടുന്നവർക്കെല്ലാം അത്തരമൊരു ആത്മാർത്ഥ പുഞ്ചിരി സമ്മാനിക്കാൻ നമുക്കെല്ലാം കഴിയട്ടെ.

കഴിഞ്ഞ വിഷുക്കാലത്തു NEESTREAM OTT PLATFORM ൽ റിലീസ് ആയ ഷോർട് ഫിലിം യൂട്യൂബ് ൽ 40 ലക്ഷം കാഴ്ചക്കാരുമായി മുന്നേറുന്നു.

https://youtu.be/qkn6ZxUB_Bg